# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 മാർച്ച് 20, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**ഭക്ഷ്യവസ്തുക്കൾ കരിഞ്ചന്തയിൽ**

മി. സ്പീക്കർ: ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടും അപ്രകാരം കാർഡ് ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് നൽകാൻ കേന്ദ്രം അനുവദിച്ച അരിയും ഗോതമ്പും ലഭ്യമാക്കാതെ തിരിമറി നടത്തിയതിനാലും പൊതു വിപണിയിലെ വില കുതിച്ചുയർന്നുകൊണ്ടിരിക്കുന്നതിനാലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.എസ്. സുനിൽകുമാർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ),

മാത്യു ടി തോമസ്, എ.എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ബി.പി.എൽ കാർക്ക് നൽകാൻ കേന്ദ്രം അനുവദിച്ച അരിയും ഗോതമ്പും അവർക്ക് നൽകാതെ എഫ്.സി.ഐ ഗോഡൗണുകളിൽനിന്നുതന്നെ കരിഞ്ചന്തയിലേയ്ക്ക് പോകുന്നുവെന്ന ആക്ഷേപം ശരിയല്ല. പ്രസ്തുത അരി അവർക്കുതന്നെ ലഭ്യ മാക്കാനും പൊതുവിതരണ ശൃംഖല വഴിയും സിവിൽ സപ്ലൈസ് കോർപ്പറേ ഷൻ വഴിയും മറ്റ് ഗവൺമെന്റ് ഏജൻസികൾ വഴിയും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണ വിധേയമാക്കി ജനങ്ങളിലേയ്ക്ക് എത്തിക്കു വാനും ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. ഭക്ഷ്യവസ്തുക്കളുടെ കരിഞ്ചന്ത നേരിടുവാനുള്ള കർക്കശമായ നടപടികളും നിലപാടുകളും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. വി. എസ്. സുനിൽകുമാർ: ബി.പി.എൽ പട്ടികയിൽപ്പെട്ടിട്ടും ബി.പി.എൽ കാർഡ് ലഭിക്കാത്ത പന്ത്രണ്ട് ലക്ഷത്തോളം കുടുംബങ്ങൾക്ക് അനുവദിച്ച അരിയും ഗോതമ്പും ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീമിന്റെ മറവിൽ ബ്രാന്റഡ് അരിയാക്കി കരിഞ്ചന്തയിൽ വിൽക്കുകയാണ് ചെയ്യുന്നത്. കേരളത്തിലെ ജനങ്ങൾ വിലക്കയറ്റത്താൽ നരകയാതന അനുഭവിക്കുന്ന സമ യത്ത് കേന്ദ്രം യഥാസമയം അരിവിഹിതം നൽകാത്തതിന്റെ ഫലമായി അരി യുടേയും പലവ്യഞ്ജനങ്ങളുടേയും വില വർദ്ധിക്കുന്നു. കേരളത്തിലെ മാർക്കറ്റിംഗ് സംവിധാനം പൂർണ്ണമായും കരിഞ്ചന്ത കീഴടക്കിയിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനാവശ്യ

മായ നടപടികളൊന്നും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നില്ല. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് വിലകുറച്ച് റേഷൻ കടകളിലൂടെ നൽകിയ പതിമൂന്നിനങ്ങൾ ഒമ്പത് ഇനമാക്കി കുറച്ചത് ജനങ്ങളെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നു. മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ചതും ഡീസൽ വില വർദ്ധിപ്പിച്ചതും ജനങ്ങളെ കൂടുതൽ ദുരിതത്തിലാക്കിയിരിക്കുകയാണ്. ഭക്ഷ്യസാധനങ്ങളുടെ വില കൂടിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഭക്ഷ്യ സബ്സിഡിയും രാസവള സബ്സിഡിയും ഇന്ധന സബ്സിഡിയും കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചതും റെയിൽവേ ചരക്കുകൂലിയും വൈദ്യുതി ചാർജ്ജും പാചകവാതക വിലയും മരുന്നിന്റെ വിലയും വർദ്ധിപ്പിച്ചതും ജനജീവിതം ദു:സ്സഹമാക്കിയിരിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): അരി ഉൾപ്പെടെയുള്ള പതിമൂന്നിന സബ്സിഡി സാധനങ്ങൾ ഇപ്പോഴും സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ട്. പൊതുവിപണിയിലുള്ളതിന്റെ പകുതി വിലയ്ക്കാണ് അരി നൽകുന്നത്. കൃത്യമായ അളവിലും മിതമായ വിലയിലും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേഷൻ സമ്പ്രദായം മെച്ചപ്പെട്ട നിലയിലാണ് നടന്നുവരുന്നത്. ആധുനിക സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗക്കുന്നതിലൂടെ പൊതുവിതരണ ശൃംഖലയിലെ അപാകതകൾ പരിഹരിക്കാൻ കഴിയും. ബി.പി.എൽ. വിഭാഗങ്ങൾക്ക് 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും അധിക വിഹിതമായി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

അത് വിട്ടെടുക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എ.പി.എൽ. സബ്സിഡിയായി 2 രൂപ നിരക്കിൽ 9 കിലോ അരിയും 3 കിലോ ഗോതമ്പും നൽകുന്നുണ്ട്. 2009-ലെ ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവർക്ക് അധികമായി 6.20 രൂപ നിരക്കിൽ 19 കിലോ അരിയും 4.70 രൂപ നിരക്കിൽ 6 കിലോ ഗോതമ്പും കൊടുക്കുന്നുണ്ട്. നോർമൽ അലോട്ട്മെന്റ് കൃത്യമായി വിതരണം ചെയ്യുന്നതോടൊപ്പം അധിക വിഹിതവും നൽകിക്കൊണ്ടിരിക്കുകയാണ്. എ.പി.എൽ. വിഭാഗത്തിനും അധിക വിഹിതം അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നേരിടുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിന് അനുവദിച്ചിരിക്കുന്ന അധിക വിഹിതം വിട്ടെടുക്കുന്നതിനുള്ള സമയം കേന്ദ്രസർക്കാർ ദീർഘിപ്പിച്ചു നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. പൊതുവിതരണ രംഗത്തെ കരിഞ്ചന്ത അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് സബ്സിഡി പണമായി നൽകുന്നതിനുള്ള സ്കീം നടപ്പാക്കുന്നതു സംബന്ധിച്ച് ആലോചിച്ചത്. ഇത് നടപ്പിലാക്കുന്നതിനുള്ള ഏതു നിർദ്ദേശവും അംഗീകരിക്കാൻ സർക്കാർ തയ്യാറാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്.അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ

യിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

**(1) സി.ആർ.ഇസഡ് നിയമം പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സംസ്ഥാനത്ത് കടലാക്രമണത്തിലൂടെ നഷ്ടപ്പെടുന്ന ലക്ഷക്കണക്കിന് ഹെക്ടർ കരഭൂമി വീണ്ടെടുക്കാനുള്ള പുതിയ പദ്ധതിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറാകണം. ഇക്കോളജിക്കൽ ഇംപാക്റ്റ് അസ്സസ്മെന്റ് പഠനം നടത്തി വീണ്ടെടുക്കാവുന്ന സ്ഥലത്ത് ഓഫ്ഷോർ ബ്രേക്ക് വാട്ടർ, മിനി പുലിമുട്ടുകൾ എന്നിവ നിർമ്മിച്ചാൽ അവയ്ക്ക് ചുറ്റും തിരകൾ മണൽതിട്ടകൾ രൂപപ്പെടുത്തുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. വീണ്ടെടുക്കുന്ന തീരദേശങ്ങളിൽ മത്സ്യത്തൊഴിലാളി മേഖലയിലെ പുതിയ തലമുറയ്ക്ക് ഗുണകരമാകുന്ന വിധത്തിൽ മത്സ്യസംസ്കരണ പ്ലാന്റുകളും ഹൈടെക് മത്സ്യ മാർക്കറ്റുകളും റെസിഡൻഷ്യൽ കോംപ്ലക്സുകളും കളിക്കളങ്ങളും പാർക്കുകളും നിർമ്മിക്കാൻ സാധിക്കും. തീരദേശ ഹൈവേ, ഹൈസ്പീഡ് റെയിൽ കോറിഡോർ, പഞ്ചനക്ഷത്ര ഹോസ്പിറ്റാലിറ്റി പ്രോജക്ടുകൾ, ടൂറിസം, ഗതാഗതം, മത്സ്യബന്ധനം, ചെറുകിട പോർട്ടുകൾ, ഷിപ്പ് യാർഡുകൾ എന്നിവയുടെ പുരോഗതിക്കും കുതിച്ചുചാട്ടത്തിനും ഈ പദ്ധതി ശക്തിയും പ്രചോദനവും ആകുമെന്ന കാര്യത്തിൽ സംശയമില്ല. വടക്കൻ മലബാർ മേഖലയിൽ കടലാക്രമണത്തിൽ നഷ്ടപ്പെട്ട ഭൂമിയെ സംബന്ധിച്ച് ഒരു വിദഗ്ദ്ധ പഠനം നടത്താനും Reclaiming the Lost Land എന്ന

യത്നത്തിലൂടെ ഭാവി കേരളത്തെ മാറ്റി മറിക്കാനുതകുന്ന വികസനത്തിനായി സി.ആർ.ഇസഡ് നിയമം പരിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിന്റെ 590 കിലോമീറ്ററോളം വരുന്ന തീരപ്രദേശത്ത് തീരശോഷണവും തീരപോഷണവും ഉണ്ടാകുന്നതിനുപുറമെ ചില പ്രതിഭാസങ്ങളാൽ തീരപ്രദേശങ്ങൾ കടലെടുത്തുപോകുന്നതായും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കടൽ നികത്തി കര വീണ്ടെടുക്കുന്നതിന് മുന്നോടിയായി എത്രമാത്രം കരഭാഗം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വസ്തുനിഷ്ഠമായി കണക്കെടുക്കേണ്ടതും പരിസ്ഥിതി ആഘാതത്തെക്കുറിച്ച് പഠനം നടത്തേണ്ടതും അനിവാര്യമാണ്. പരിസ്ഥിതിക്ക് ദോഷമില്ലാത്ത വിധത്തിൽ കടലാക്രമണത്തിൽ നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് പഠനം നടത്തി തീരുമാനമെടുക്കാൻ ശ്രമിക്കുന്നതാണ്.

## (2) മലയാളം ഒന്നാം ഭാഷയാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പുരുഷൻ കടലുണ്ടി: ഏതൊരു രാജ്യത്തും സാമൂഹ്യനീതി സഫലമാകണമെങ്കിൽ ഭരണത്തിന്റെ സമസ്ത തലങ്ങളിലും മാതൃഭാഷയ്ക്ക് പ്രാധാന്യം ലഭിക്കേണ്ടതുണ്ട്. കേരളത്തിൽ അധ്യയന മാധ്യമവും ഭരണഭാഷയും ഇംഗ്ലീഷ് ഭാഷയാണ്. കേരള സംസ്ഥാനം രൂപീകൃതമായി ഇത്രയും വർഷമായിട്ടും സംസ്ഥാനത്ത് മാതൃഭാഷയോടുള്ള അവഗണന തുടരുകയാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ മലയാളം പഠിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും മലയാളം പഠിപ്പിക്കാത്ത സ്കൂളുകളുടെ അംഗീകാരം പിൻവലിക്കുകയും ചെയ്യണം. മലയാളം

നിർബന്ധിത ഒന്നാം ഭാഷയാക്കണമെന്ന ഉത്തരവ് സി.ബി.എസ്.ഇ. സ്കൂളുകളിൽ നടപ്പാക്കേണ്ടതില്ലെന്നും ഗവൺമെന്റ് സ്കൂളുകളേക്കാൾ മികച്ച അധ്യയനം സി.ബി.എസ്.ഇ. സ്കൂളുകളിലാണ് നടക്കുന്നതെന്നുമുള്ള കോടതി വിധിക്കെതിരെ അപ്പീൽ പോകാൻ സർക്കാർ തയ്യാറായില്ല. സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് മലയാള ഭാഷാ പരിജ്ഞാനം നിർബന്ധമാക്കുന്നതിനെടുത്ത തീരുമാനം അഭിനന്ദനാർഹമാണ്. ജനങ്ങൾക്ക് ഇടപെടാൻ കഴിയുംവിധം ഭരണഭാഷയും കോടതി ഭാഷയും മലയാളത്തിലാക്കാൻ മലയാള ഭാഷാ നിയമം കൊണ്ടുവരണം. ജസ്റ്റീസ് കെ.കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ നടപ്പിലാക്കാനും മന്ത്രിസഭാ തീരുമാനങ്ങളും ഉത്തരവുകളും നിക്ഷിപ്ത താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ അടിയറവ് വയ്ക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ സമീപനം പുന:പരിശോധിക്കാനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ ഗവൺമെന്റ് വന്നതിനുശേഷം മലയാളം ഒന്നാം ഭാഷയായി നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഉത്തരവ് ഇറക്കുകയും മലയാളം സർവ്വകലാശാല ആരംഭിക്കുകയും മലയാളത്തിന് ക്ലാസ്സിക്കൽ പദവി നേടാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. പുതിയ തലമുറയിൽപ്പെട്ട കുട്ടികൾക്ക് മലയാള ഭാഷാ പരിജ്ഞാനം നൽകുന്നതിനായി മലയാളം മിഷന്റെ പ്രവർത്തനം ഇന്ത്യയ്ക്ക് അകത്തും പുറത്തും വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ഉദ്യോഗം ലഭിക്കുന്നതിന് മലയാളം ഭാഷ നിർബന്ധമാക്കിയ വ്യവസ്ഥ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്. കാസർഗോഡ്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽപ്പെടുന്ന ന്യൂനപക്ഷ ഭാഷാ വിഭാഗങ്ങളിൽനിന്നും ലഭിച്ച പരാതിക്ക് പരിഹാരം കാണാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കോടതി വിധിക്കെതിരായി അപ്പീൽ

പോകുന്നത് സംബന്ധിച്ച് നിയമ വകുപ്പ് പരിശോധിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ജനദ്രോഹപരവും പാരിസ്ഥിതിക വിരുദ്ധവുമായതിനാൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിൽ വരുത്തിയിരിക്കുന്ന ഭേദഗതി അടിയന്തരമായി പിൻവലിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): കെട്ടിട നിർമ്മാണ വ്യവസ്ഥകൾ കൂടുതൽ കർക്കശമായതോടെ നിർമ്മാണ മേഖല സ്തംഭിക്കുകയും തൊഴിലവസരങ്ങൾ കുറയുകയും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പെർമിറ്റ് ഫീ ഇനത്തിലും വസ്തു നികുതി ഇനത്തിലും ലഭിക്കേണ്ട തുകയിൽ കുറവ് വരികയും വികസന പ്രക്രിയയെ ബാധിക്കുകയും ചെയ്ത സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തിയെങ്കിലും ജനങ്ങൾക്ക് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേകമായ ഏതെങ്കിലും കേസ്സുകൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

### (2) വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക വിനിയോഗിക്കൽ

ശ്രീ. കെ. രാധാകൃഷ്ണൻ: പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക അതാത് സമയങ്ങളിൽത്തന്നെ ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): പട്ടികജാതി ക്ഷേമ വകുപ്പിന് ലഭിച്ച തുകയിൽ 76 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിച്ച തുകയിൽ 74.66 ശതമാനവും ചെലവഴിച്ചു കഴിഞ്ഞു. പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ എന്നിവിടങ്ങളിലെ ഫണ്ട് വിനിയോഗത്തിലെ കാലതാമസം സംബന്ധിച്ച് ചർച്ച ചെയ്യാനായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. യഥാസമയം ഫണ്ട് വിനിയോഗം നടത്താനുള്ള ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : അടുത്ത വർഷം മുതൽ മൂന്ന് മാസം കൂടുമ്പോൾ എസ്.സി.പി. - ടി.എസ്.പി. ഫണ്ട് കൃത്യമായി വിനിയോഗിക്കുന്നത് മോണിട്ടർ ചെയ്യാനുള്ള സംവിധാനം തുടങ്ങുന്നതാണ്. ചെലവഴിച്ചതിന്റെ ബാക്കി തുക ക്യാരി ഓവർ ചെയ്ത് അടുത്ത വർഷത്തിൽ വിനിയോഗിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും.

## (3) കൊണ്ടോട്ടി ഇലക്ട്രിക്കൽ ഡിവിഷൻ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: മഞ്ചേരി ഡിവിഷൻ വിഭജിച്ച് കൊണ്ടോട്ടി കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സംസ്ഥാനത്ത് ഇലക്ട്രിക്കൽ ഡിവിഷൻ അനുവദിക്കുമ്പോൾ കൊണ്ടോട്ടിക്ക് മുൻഗണന നൽകുന്നതായിരിക്കും .

### (4) കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ

ശ്രീ. എം. ഉമ്മർ: ചെറുകിട കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സെക്യൂരിറ്റി ഡിപ്പോസിറ്റും ഇലക്ട്രിസിറ്റി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള സംഖ്യയും അടച്ച ആളുകൾക്കെല്ലാം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇനി കണക്ഷൻ ലഭിക്കാത്തവർക്ക് എത്രയും വേഗം നൽകുന്നതാണ്.

### (5) പട്ടയം നൽകൽ

ശ്രീ. കെ. രാജു: കല്ലട ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കാച്ചുമെന്റ് ഏരിയകളിൽ നിന്ന് ഒഴിപ്പിച്ച് കുളത്തൂപ്പുഴ പഞ്ചായത്തിലെ സാം നഗറിൽ താമസിപ്പിച്ച കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കൊല്ലം ജില്ലയിൽ കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശത്ത് നിന്ന് കുടിയൊഴിപ്പിച്ച് സാം നഗറിൽ പുനരധിവസിപ്പിച്ചിരിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള പ്രൊപ്പോസൽ സ്പെഷ്യൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത വന ഭൂമിക്ക് പകരം ഇ.എഫ്.എൽ. ആക്കി മാറ്റിയ ഭൂമി വനം വകുപ്പിന് നൽകി നടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ഡി.എഫ്.ഒ.യ്ക്ക് പത്തനാപുരം തഹസിൽദാർ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കമ്പക്കല്ലിൽ നീക്കിവച്ചിരിക്കുന്ന 8000 ഏക്കറിൽ നിന്നോ ഇ.എഫ്.എൽ.ആക്കി മാറ്റിയ ഭൂമിയിൽ നിന്നോ പകരം ഭൂമി നൽകി ഈ

പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (6) പാലക്കാട് നഗരസഭാ മാസ്റ്റർ പ്ലാൻ

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ജില്ലയിൽ 2008-ന് ശേഷം ഭൂമി വാങ്ങിയവർക്ക് വീടുവയ്ക്കാൻ അനുവാദം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പാലക്കാട് ജില്ലയിൽ 25-10-2008-ന് മുമ്പ് സ്ഥലം വാങ്ങിയ ഒറ്റ കുടുംബ താമസക്കാർക്ക് പാടശേഖര മേഖലകളിൽ 200 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കാൻ അനുമതിയുണ്ട്. ഈ ആനുകൂല്യം അതിനുശേഷം വാങ്ങിയവർക്കുകൂടി ലഭ്യമാക്കുന്ന കാര്യം വിശദമായി പരിശോധിക്കുകയും കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഇതിന്മേലുള്ള നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാ ടൗൺ പ്ലാനറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാർച്ച് 31-ന് മുമ്പ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## (7) കുണ്ടറ ജലവിതരണ പദ്ധതി

ശ്രീമതി പി. അയിഷാ പോറ്റി: കുണ്ടറ ജലവിതരണ പദ്ധതിയിൽപ്പെട്ട പഴയ പൈപ്പുകൾ എത്രയുംവേഗം മാറ്റി സ്ഥാപിച്ച് ജലവിതരണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കുണ്ടറ ജലവിതരണ പദ്ധതിയിലെ കേടായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച്

ജലവിതരണം ഭാഗികമായി ആരംഭിച്ചുകഴിഞ്ഞു. പദ്ധതി പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി അവശേഷിക്കുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതോടുകൂടി പദ്ധതി പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ ശാശ്വത പരിഹാരമുണ്ടാകും.

## (8) വൈക്കം നിയോജകമണ്ഡലത്തിലെ ജലവിതരണ പ്ലാന്റുകൾ

ശ്രീ. കെ. അജിത്: വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കുള്ള പ്ലാന്റിന്റെ നിയന്ത്രണ അധികാരങ്ങൾ തൊട്ടടുത്ത പഞ്ചായത്തിലേയ്ക്ക് മാറ്റുന്നതിനുള്ള തീരുമാനം ഉപേക്ഷിക്കുകയും രണ്ടു പഞ്ചായത്തുകളുടേയും അവകാശങ്ങൾ ഒരേപോലെ നിലനിറുത്തി കുടിവെള്ളം എല്ലാവർക്കും തുല്യമായി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): വൈക്കം നിയോജക മണ്ഡലത്തിലെ നിലവിലുള്ള സബ്ഡിവിഷന്റേയും പുന:സ്ഥാപിക്കുന്ന കടുത്തുരുത്തി സബ് ഡിവിഷന്റേയും നിയന്ത്രണം മൂവാറ്റുപുഴയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. അപാകതയുണ്ടെങ്കിൽ പരിഹരിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

## (9) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അടിയന്തരമായി ഒരു ഗൈനക്കോളജിസ്റ്റിന്റേയും പീഡിയാട്രിഷ്യന്റേയും തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): താനൂർ സി.എച്ച്.സി.യിൽ നിന്നും പത്ത് കിലോമീറ്റർ അകലെ തിരൂർ ജില്ലാ ആശുപത്രി എല്ലാ സ്പെഷ്യാലിറ്റിയോടും കൂടി പ്രവർത്തിക്കുന്നതിനാൽ അവിടെ ഒരു ഗൈനക്കോളജിസ്റ്റിന്റേയും പീഡിയാട്രിഷ്യന്റേയും തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(10) **ക്ഷേത്രകലാ അക്കാദമി**

ശ്രീ. റ്റി. വി. രാജേഷ്: കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി തിരുവർക്കാട്ട്കാവ് ദേവസ്വം വക സ്ഥലത്ത് ഒരു ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുകയും കോഴ്സുകൾ അനുവദിക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കണ്ണൂർ ജില്ലയിലെ മാടായി പാറയിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിക്കുള്ള ശുപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഫണ്ട് ലഭ്യമാക്കിയാൽ അക്കാദമിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച് കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവലച്ചു.

## റിപ്പോർട്ട് സമർപ്പണം

ഹർജികൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച (തുടർച്ച)

ശ്രീ. സി.പി. മുഹമ്മദ്: ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതിത്തള്ളുന്നതും എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത കാർഷിക വായ്പ ഉറപ്പാക്കുന്നതും കാർഷിക വായ്പാ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ്, സമഗ്ര വിള ഇൻഷ്വറൻസ് എന്നിവ പ്രതിപാദിക്കുന്നതുമായ ഈ ബഡ്ജറ്റ് കർഷകർക്ക് ആശ്വാസം നൽകുന്നതാണ്. തൃപ്തി ന്യായവില ഭക്ഷണശാലകൾ കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കണം. സുസ്ഥിര തൊഴിൽ വികസന പദ്ധതി ഈ ബഡ്ജറ്റിന്റെ ആകർഷണീയതയാണ്. പ്രബന്ധങ്ങൾ, പേറ്റന്റുകൾ, ഇന്നൊവേഷൻസ്, കണ്ടുപിടുത്തങ്ങൾ എന്നിവ നടത്തുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള സംരംഭങ്ങളെ സ്വാഗതം ചെയ്യുന്നു. പുതുതായി നിർമ്മിക്കുന്ന വീടുകളോടനുബന്ധിച്ച് മഴവെള്ള സംഭരണത്തിനും ഉറവിട മാലിന്യ സംസ്കരണത്തിനുമുള്ള സംവിധാനങ്ങൾ വേണമെന്നുള്ള നിർദ്ദേശം അഭിനന്ദനാർഹമാണ്. കാൻസർ/കുഷ്ഠ/ക്ഷയ രോഗികളുടെയും വൃക്കരോഗ ബാധിതരുടെയും പെൻഷൻ വർദ്ധിപ്പിച്ചത് ആശ്വാസകരമാണ്. മംഗല്യ നിധിയിലേയ്ക്കുള്ള സംഭാവന 5 ശതമാനമാക്കി വർദ്ധിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും വിദ്യാലയങ്ങളിലും

പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണിയും നിർമ്മിക്കുന്നതിനുള്ള പദ്ധതി അഭിനന്ദനാർഹമാണ്. യാചക വിമുക്ത കേരളം പദ്ധതിക്കും ഡീ അഡിക്ഷൻ സെന്ററുകൾ, ആധുനിക ശ്മശാനങ്ങൾ എന്നിവയുടെ നിർമ്മാണ ത്തിനും തുക വകയിരുത്തിയത് പ്രശംസനീയമാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന രൂക്ഷമായ തൊഴിലില്ലായ്മ, വിലക്കയറ്റം, കാർഷിക തകർച്ച, പാരിസ്ഥിതിക പ്രശ്നങ്ങൾ, കുടിവെള്ള ക്ഷാമം തുടങ്ങിയ പ്രശ്നങ്ങൾ പരി ഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. അധികാര വികേന്ദ്രീകരണത്തെ നിരുത്സാഹപ്പെടുത്തുന്നതും പദ്ധതി വിഹിതം കുറയ്ക്കുന്നതും പരോക്ഷ നികുതി വർദ്ധിപ്പിക്കുന്നതുമായ നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. ധനകമ്മി 2.82 ശതമാനത്തിൽ നിർത്തി ക്കൊണ്ട് മൂലധന നിക്ഷേപ രംഗത്തെ സാദ്ധ്യതകളെ ഒഴിവാക്കുകയാണ് ചെയ്യുന്നത്. കാർഷിക വളർച്ചാ നിരക്ക് 5 ശതമാനമെങ്കിലും കൈവരി ക്കാനാവശ്യമായ പദ്ധതികളുണ്ടാക്കണം. കാർഷികോല്പന്നങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുണ്ടാക്കാനും പദ്ധതി വിഹിതം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. സ്ത്രീ ശാക്തീകരണത്തിനായി ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്ലാൻ തയ്യാറാക്കണം. വിദ്യാഭ്യാസം, സംസ്കാരം, സ്ത്രീസുരക്ഷ, സാമൂഹ്യ സുരക്ഷ, സാമൂഹ്യക്ഷേമം, തൊഴിൽസുരക്ഷ, ഊഹക്കച്ചവട സംസ്കാരത്തി നെതിരെയുള്ള നിലപാടുകൾ എന്നീ വിഷയങ്ങളിൽ ദീർഘവീക്ഷഷണ ത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. കെ. എസ്. ആർ. ടി. സി.യുടെ വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമാണ്. വൈദ്യുതി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. വടക്കൻ ജില്ലകളിലെ ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ആയുർവേദ മേഖലയിൽ ഉല്പ്പാദകരെ സഹായിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. മണ്ഡലം ആസ്തി ഫണ്ട് ഉപയോഗിച്ച് 25 ലക്ഷം രൂപയുടെ മിനിമം 10 പ്രോജക്ടുകൾ എന്നുള്ളത് 10 ലക്ഷം രൂപയുടെ 15 പ്രോജക്ടുകൾ എന്നാക്കി മാറ്റണം.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മഴവെള്ളം സംഭരിച്ചുകൊണ്ട് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നടപടി യുണ്ടാകണം. മദ്യനിരോധനം ഏർപ്പെടുത്തി സാമൂഹ്യ സുരക്ഷ ഉറപ്പുവ രുത്തണം. വിവാഹധൂർത്ത് ഒഴിവാക്കാൻ നടപടിയെടുക്കണം. സാമൂഹ്യ പരിഷ്ക്കരണത്തിനുവേണ്ടി രാഷ്ട്രീയത്തെ ഉപയോഗപ്പെടുത്താൻ സാധിക്കണം.

ശ്രീ. സി. ദിവാകരൻ: ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങളെ നിരാശരാക്കുന്ന ഒരു ബഡ്ജറ്റാണിത്. കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലെ 50 ശതമാനം പദ്ധതികൾപോലും നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. തൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള പെൻഷൻ ഏത് പെൻഷൻ ഫണ്ടിലാണ് നിക്ഷേപിക്കുന്നതെന്നത് സംബന്ധിച്ച് വ്യക്തതയില്ല. വിലക്കയറ്റം, കുടിവെള്ള പ്രശ്നം, വരൾച്ച എന്നിവയെ നേരിടാൻ ഫലപ്രദമായ പദ്ധതിയൊന്നുമില്ല. പൊതുമേഖലാ സ്ഥാപന ങ്ങൾക്കായി കൂടുതൽ തുക വകയിരുത്തണം. കയർത്തൊഴിലാളി പെൻഷൻ 400 രൂപയിൽനിന്നും വർദ്ധിപ്പിക്കണം. വിവിധ പരമ്പരാഗത വ്യവസായ മേഖലകളിലെ ക്ഷേമപെൻഷനുകളെ സംബന്ധിച്ച് ബഡ്ജറ്റിൽ

പ്രതിപാദിക്കാത്തത് പ്രതിഷേധാർഹമാണ്. 3000 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പ്പാദിപ്പിക്കുമെന്ന യു.ഡി.എഫ്. പ്രകടന പത്രികയിലെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ബി.പി.എൽ. വിഭാഗക്കാർക്ക് 1 രൂപയ്ക്കും എ.പി.എൽ. വിഭാഗക്കാർക്ക് 2 രൂപയ്ക്കും പ്രതിമാസം 35 കിലോ അരി നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ പരിമിതികൾ മനസ്സിലാക്കിയ, നിരവധി നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ധനക്കമ്മിയും റവന്യു കമ്മിയും കേന്ദ്ര നിരക്കിനേക്കാൾ കുറയ്ക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഉയർത്താനും സർക്കാരിന് സാധിച്ചു. കാരുണ്യ ലോട്ടറിയെ ഇന്ത്യയ്ക്ക് മാതൃകയാക്കി മാറ്റി. സംസ്ഥാന ലോട്ടറിയെ ജനങ്ങൾക്ക് പ്രിയപ്പെട്ടതാക്കി മാറ്റി കോടിക്കണക്കിന് രൂപ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടാൻ സാധിച്ചു. ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയാക്കി ഉയർത്തണം. രണ്ട് വർഷംവരെ പ്രാക്ടീസ് ചെയ്ത അഭിഭാഷകർക്ക് ഓണറേറിയം നൽകാനും അഭിഭാഷകരുടെ ക്ഷേമനിധി ആനുകൂല്യം വർദ്ധിപ്പിക്കാനും അവർക്ക് പെൻഷൻ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കൃഷ്ണൻ: ബഡ്ജറ്റിനെ എതിർക്കുന്നു. എല്ലാ മണ്ഡലങ്ങളെയും സമഭാവനയോടെ കാണുന്ന ബഡ്ജറ്റല്ല അവതരിപ്പിച്ചിരിക്കുന്നത്. കാർഷിക, വ്യാവസായിക മേഖലകൾക്ക് ഊന്നൽ നൽകുകയോ . കൈത്തറി, കയർ മുതലായ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനാവശ്യമായ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല.

വിലക്കയറ്റം നിയന്ത്രിക്കാനോ, ഉല്പാദനം വർദ്ധിപ്പിക്കാനോ, വരുമാനമുണ്ടാക്കാനോ ഉള്ള യാതൊരു നിർദ്ദേശങ്ങളും ബഡ്ജറ്റിലില്ല. ഖാദി-ഗ്രാമ വ്യവസായങ്ങളെ പുനരുദ്ധരിക്കാനും വകയിരുത്തിയ തുക അപര്യാപ്തമാണ്. ബീഡി തൊഴിലാളികളുടെ ആശ്വാസ പെൻഷൻ പദ്ധതിക്കായി തുക വകയിരുത്താത്തത് പ്രതിഷേധാർഹമാണ്. പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമപെൻഷനുകളും ആശാവർക്കർമാർ, അംഗൻവാടി വർക്കർമാർ, സ്കൂൾ പാചകത്തൊഴിലാളികൾ എന്നിവരുടെ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. പയ്യന്നൂരിലെ സബ്ട്രഷറിയുടെ നവീകരണത്തിനും പ്രധാനപ്പെട്ട പാലങ്ങളുടേയും റോഡുകളുടെയും പുനരുദ്ധാരണത്തിനും മതിയായ തുക വകയിരുത്തണം. പയ്യന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കാൻ നടപടിയുണ്ടാകണം. ചെറുപുഴയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണം. ആയുർവേദ മേഖലയുടെ വികസനത്തിനായി ആയുഷ് വകുപ്പ് രൂപീകരിക്കണം.

ശ്രീ. അൻവർ സാദത്ത്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദുർബല ജനവിഭാഗങ്ങളുടേയും ദരിദ്രരുടെയും ഉന്നമനത്തിനുവേണ്ടിയും പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയും കേരളത്തെ സാമ്പത്തിക പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വികസനവും കരുതലും എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സാമൂഹ്യ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടിയും ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതിത്തള്ളാനുള്ള തീരുമാനവും ശ്ലാഘനീയമാണ്. കാരുണ്യ ലോട്ടറിയിലൂടെ പാവപ്പെട്ട ജനങ്ങൾക്ക് ചികിത്സാ സഹായം ലഭ്യമാക്കാൻ കഴിഞ്ഞത് പ്രശംസനീയമാണ്. സാമ്പത്തികമായി

പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്കുവേണ്ടി മംഗല്യനിധി രൂപീകരിക്കുക; വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം വർദ്ധിപ്പിക്കുക, ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുക തുടങ്ങിയ തീരുമാനങ്ങളും യാചകവിമുക്ത കേരളം, സമഗ്ര മാനസികാരോഗ്യം എന്നീ പദ്ധതികളും ശ്രദ്ധേയമാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ, അന്യസംസ്ഥാന തൊഴിലാളികൾക്ക് നൈറ്റ് ഷെൽട്ടർ, പത്രപ്രവർത്തകരുടെ പെൻഷൻ വർദ്ധിപ്പിച്ച നടപടി എന്നിവ സ്വാഗതാർഹമാണ്. പ്രാദേശിക പത്രപ്രവർത്തകർക്കുകൂടി ക്ഷേമനിധിയും ആനുകൂല്യങ്ങളും നൽകുന്ന കാര്യവും പരിഗണിക്കണം. ആലുവാ മണപ്പുറത്ത് സ്ഥിരം പാലം നിർമ്മിക്കുന്നതിന് തുക വകയിരുത്തിയ നടപടി ശ്ലാഘനീയമാണ്. വിദ്യാഭ്യാസ വായ്പാ പലിശ ഇളവ് എ.പി.എൽ. വിഭാഗത്തിനും അനുവദിച്ച നടപടി അഭിനന്ദനാർഹമാണ്. വായ്പ നൽകുന്നതിന് ബാങ്കുകൾക്ക് നിശ്ചയിച്ചിരിക്കുന്ന ഏരിയ സംവിധാനം ഒഴിവാക്കാൻ നിർദ്ദേശം നൽകണം. ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തിയ നടപടി പ്രതീക്ഷാനിർഭരമാണ്. മഹാത്മ അയ്യങ്കാളിയുടെ പേരിൽ ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിച്ച നടപടിയെ സ്വാഗതം ചെയ്യുന്നതോടൊപ്പം ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ ഓണറേറിയം യഥാക്രമം 1,500, 2,000 രൂപയാക്കി വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാരുണ്യ ലോട്ടറിയിലൂടെ പാവപ്പെട്ട ജനങ്ങൾക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞു. അശരണരായ ജനവിഭാഗങ്ങൾക്കും കർഷകർക്കും

ആശ്വാസമേകുന്ന ബഡ്ജറ്റാണിത്. സമഗ്രവിള ഇൻഷ്വറൻസ് പദ്ധതി സ്വാഗതാർഹമാണ്. ഗൃഹശ്രീ ഭവനപദ്ധതിയിൽ സർക്കാർ നൽകുന്ന സബ്സിഡി രണ്ട് ലക്ഷം രൂപയായി നിലനിർത്തി സ്പോൺസർമാരുടെയും ഗുണഭോക്താവിന്റെയും വിഹിതം ഓരോ ലക്ഷം രൂപയായി കുറവ് ചെയ്യണം. ബാങ്കിംഗ് റെഗുലേഷൻ ആക്റ്റനുസരിച്ചുള്ള റേഷ്യോ കൈവരിക്കുന്നതിന് കോട്ടയം ജില്ലാ സഹകരണ. ബാങ്കുൾപ്പെടെയുള്ളവയ്ക്ക് ആവശ്യമായ തുക വകയിരുത്തണം. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. കട്ടപ്പനയിൽ ഒരു ബസ് ടെർമിനൽ നിർമ്മിക്കാനാവശ്യമായ ധനസഹായം നൽകണം. ടൂറിസം സാദ്ധ്യത കണക്കിലെടുത്ത് ഇടുക്കിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഹോട്ടൽ സമുച്ചയം നിർമ്മിക്കണം. ദൂരപരിധിയും ആവശ്യവുമനുസരിച്ച് താലൂക്കുകൾ വിഭജിക്കുകയും ഇടുക്കിയിൽ ഒരു താലൂക്ക് അനുവദിക്കുകയും വേണം.

ശ്രീ. മാത്യൂ. റ്റി. തോമസ്: ബഡ്ജറ്റിനെ എതിർക്കുന്നു. വികസന രംഗത്ത് സന്തുലിതാവസ്ഥയുണ്ടാക്കാൻ ഉതകുന്ന പ്രഖ്യാപനങ്ങളൊന്നും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. നികുതി ചോർച്ച ഗൗരവത്തിലെടുക്കണം. കെ.എസ്.ആർ.ടി.സി.യെ നിലനിർത്താൻ തക്കവണ്ണം സുവ്യക്തമായ ഒരു പദ്ധതിയും ബഡ്ജറ്റിലില്ല. ഇലക്ട്രിസിറ്റി ബോർഡ് നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ പദ്ധതികളില്ല. കുടിവെള്ളം പോലും വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. സമ്പന്നരെ കൂടുതൽ സമ്പന്നരും ദരിദ്രരെ കൂടുതൽ ദരിദ്രരുമാക്കാൻ പര്യാപ്തമായ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആഗോളതലത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്ന ബഡ്ജറ്റാണിത്.

പ്രഖ്യാപിച്ച പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനായി രൂപീകരിച്ചിരിക്കുന്ന മോണിറ്ററിംഗ് സംവിധാനത്തെ സ്വാഗതം ചെയ്യുന്നു. കാർഷിക മേഖലയെ പുഷ്ടിപ്പെടുത്താൻ വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചതും പുത്തൻ തലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി സ്കൂൾ തലത്തിൽ കൃഷി പഠനം ഉൾപ്പെടുത്തുന്നതും പ്രായോഗിക പരിചയം നേടാൻ അവസരമൊരുക്കുന്നതും ഈ മേഖലയ്ക്ക് ഗുണം ചെയ്യുന്നതാണ്. തെങ്ങ് റീപ്ലാന്റ് ചെയ്യുന്നതിന് കേന്ദ്ര ബഡ്ജറ്റിലും മൂല്യവർദ്ധനയുടെ ഭാഗമായി നീര ഉല്പാദിപ്പിക്കാൻ സംസ്ഥാന ബഡ്ജറ്റിലും തുക നീക്കിവച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ വരുമാന പരിധി മൂന്ന് ലക്ഷമായി ഉയർത്തിയത് നല്ല കാര്യമാണ്. ന്യൂനപക്ഷ സമുദായങ്ങളെക്കൂടി ഈ ആനുകൂല്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. സർക്കാർ ജീവനക്കാരിൽ നിന്ന് ചെറിയൊരു തുക പ്രീമിയം വാങ്ങി ചികിൽസാർത്ഥം ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നത് അവർക്ക് സഹായകരമായിരിക്കും. കൊടുവള്ളിയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. നാഷണൽ ഹൈവേ 212-ന്റെ താമരശ്ശേരി, കൊടുവള്ളി ബൈപ്പാസുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് സുസ്ഥിര വികസനം ഉറപ്പാക്കുന്ന ബഡ്ജറ്റാണിത്. ആളോഹരി വരുമാനത്തിലും വളർച്ചാ തോതിലും ഇതര സംസ്ഥാനങ്ങൾക്ക് മുന്നിലാണ് കേരളമെങ്കിലും കാർഷിക രംഗത്തും വ്യവസായിക രംഗത്തും

ആ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ജനക്ഷേമകരമായ കേന്ദ്ര ബഡ്ജറ്റിനെ അനുകരിച്ചാണ് സംസ്ഥാന ബഡ്ജറ്റും അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ധനകമ്മി കുറക്കുന്നതിന് ബോധപൂർവ്വമായ ശ്രമം ബഡ്ജറ്റിൽ നടത്തിയിട്ടുണ്ട്. ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി, അനാവശ്യ ചെലവുകൾ കുറച്ച് സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന ബഡ്ജറ്റാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഭൂമി വാങ്ങി മൂന്നു മാസത്തിനുള്ളിൽ മറിച്ചു വിറ്റാൽ ഇരട്ടി സ്റ്റാംപ് ഡ്യൂട്ടി കൊടുക്കണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട നികുതി നിർദ്ദേശമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഡ്ജറ്റിനെ എതിർക്കുന്നു. കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നിലവിലുള്ളതു കൊണ്ടും ഒരാൾക്ക് രണ്ട് പെൻഷൻ അനുവദിക്കുകയില്ലെന്നതുകൊണ്ടും തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നവർക്ക് ഏർപ്പെടുത്തിയ പെൻഷൻ അധികം പേർക്കും ലഭിക്കാത്ത സാഹചര്യമാണുള്ളത്. തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള തുക സർക്കാർ പുതിയ പെൻഷൻ ഫണ്ടിലേയ്ക്കാണ് കൊടുക്കുന്നത്. കേവലം 184 രൂപ കൂലി നൽകുന്നതിൽ നിന്നും ഒരു വിഹിതം പെൻഷൻ ഫണ്ടിലേയ്ക്ക് പിടിക്കുന്നതിലൂടെ കർഷക തൊഴിലാളി പെൻഷനും പങ്കാളിത്ത പെൻഷൻ പദ്ധതി ആക്കുകയാണ് ചെയ്യുന്നത്. തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഭൂരിപക്ഷം പേർക്കും 60 ദിവസംപോലും പണി കിട്ടാത്ത അവസ്ഥ നിലനിൽക്കുകയാണ്. അവർക്ക് ഇന്നത്തെ നിലയിൽ പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിക്കുകയില്ല. കർഷക തൊഴിലാളി പെൻഷനും കയർ തൊഴിലാളി പെൻഷനും ഈ വർഷംതന്നെ

വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഗവൺമെന്റ് 9 ശതമാനം വളർച്ചാ നിരക്ക് അവകാശപ്പെടുമ്പോൾ അടിസ്ഥാന മേഖലയായ കാർഷിക രംഗത്ത് മുക്കാൽ ശതമാനത്തോളം തളർച്ചയാണ് അവലോകന റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത്. കൃഷിക്കാരെ കാർഷികരംഗത്ത് ഉറപ്പിച്ചു നിറുത്തുന്നതിനും ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉദാരമായ സബ്സിഡി നൽകുന്നതിനും നടപടി സ്വീകരിക്കണം. വാറ്റ് നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചതിലൂടെ പൊതുജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുകയാണ് ചെയ്തത്. കഴിഞ്ഞ രണ്ടു ബഡ്ജറ്റുകളിലേയും പ്രഖ്യാപനങ്ങൾ ഈ വർഷവും ആവർത്തിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. യേയും കെ.എസ്.ഇ.ബി.യേയും സഹായിക്കുന്നതിന് ഈ ബഡ്ജറ്റിൽ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. വ്യവസായ-ഐ.ടി.മേഖലകളുടെ വികസനത്തിനും ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു പദ്ധതിയും നിർദ്ദേശിച്ചിട്ടില്ല. കഴിഞ്ഞ രണ്ട് വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെയും നടപ്പിലാക്കാത്ത പദ്ധതികളെ സംബന്ധിച്ച് ഒരു ധവള പത്രം സമർപ്പിക്കുവാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കേരളത്തിന്റെ ജി.ഡി.പി. ഗ്രോത്ത് 9.5 ശതമാനമായി ഉയർത്താൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ സാമ്പത്തിക രംഗത്തെ ദിശാബോധത്തിന് തെളിവാണ്. സംസ്ഥാനത്തിന്റെ പെർക്യാപിറ്റാ ഇൻകം 8.8 ശതമാനം ഗ്രോത്ത് കൈവരിക്കുന്നത് അഭിമാനാർഹമായ കാര്യമാണ്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ നോംസ് അനുസരിച്ച് 2012-2013-ൽ റവന്യൂ

ഡിഫിസിറ്റ് 0.94 ലേയ്ക്ക് താഴ്ത്തിക്കൊണ്ടുവരാൻ കഴിഞ്ഞതുമൂലം ഫിസ്കൽ മാനേജുമെന്റ് രംഗത്ത് കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയായി ത്തീർന്നിരിക്കുകയാണ്. കാർഷിക/തൊഴിൽ മേഖലയുടെ അഭിവൃദ്ധിക്കു വേണ്ടിയുള്ള വിവിധ പദ്ധതികൾ ഈ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. റവന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ സർക്കാർ ക്യാപിറ്റൽ എക്സ്പെൻഡി ച്ചറിന്റെയും പ്ലാൻ എക്സ്പെൻഡിച്ചറിന്റെയും കാര്യത്തിൽ അഭിമാനകരമായ നേട്ടമാണുണ്ടാക്കിയിരിക്കുന്നത്. എം.എൽ.എ.മാർക്ക് അസറ്റ് ക്രിയേ ഷനുവേണ്ടി 14 ഹെഡ്ഡുകളിലായി 705 കോടി രൂപയുടെ ഫണ്ട് വയ്ക്കുകയും 2012-13-ൽ 540 വർക്കുകൾക്ക് 430 കോടി രൂപയുടെ സാമ്പ ത്തിക ക്ലിയറൻസ് നൽകുകയുമുണ്ടായി. പഞ്ചായത്തുകൾക്ക് പദ്ധതി വിഹി തമായി 4000 കോടി രൂപ നൽകിയിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ ബഹു ഭൂരിപക്ഷവും ആരംഭിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പ്രഭാകർ കമ്മിഷൻ റിപ്പോർട്ടിനനുസൃതമായി പദ്ധ തികൾ നടപ്പാക്കുമ്പോഴുണ്ടാകുന്ന ക്രിട്ടിക്കൽ ഗ്യാപ്പ് നികത്തുന്നതിന് 15 കോടി രൂപ വകയിരുത്തുന്നു. മൂന്ന് മാസത്തിനകം മറിച്ചുവിൽക്കുന്ന ഭൂമി ക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇരട്ടിയായും മൂന്നു മുതൽ ആറ് മാസത്തിനകം വീണ്ടും മറിച്ചുവിറ്റാൽ അത് ഒന്നര ഇരട്ടിയായും ഭേദഗതി വരുത്തിക്കൊണ്ട് റിയൽ എസ്റ്റേറ്റ് മേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്. കയർ/കശുവ ണ്ടി/കൈത്തറി, ഈറ്റ/കാട്ടുവള്ളി തൊഴിലാളികളുടേയും തൊഴിലാളിക ളുടെയും മത്സ്യത്തൊഴിലാളികളുടെയും പെൻഷൻ 500 രൂപയാക്കി വർദ്ധിപ്പിക്കുന്നതാണ്. സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് നൽകാൻ എം.

എസ്.ഡബ്ല്യു പാസ്സായവരെ നിയമിക്കുകയും അവരുടെ ശമ്പളം പതിനായിരം രൂപയായും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. വിശ്വകർമ്മജരിലെ കളിമൺ വിഭാഗക്കാരെ "മൂശാരിവിഭാഗം" എന്ന് തിരുത്തുന്നു. പഞ്ചായത്തുകൾക്ക് ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ 8 കോടി രൂപ റിലീസ് ചെയ്യുന്നതാണ്. റിവർ മാനേജുമെന്റ് അതോറിറ്റി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിലെ മാർക്കറ്റ് നവീകരണം, ബ്രോഡ് വേ പൈതൃക പദ്ധതി എന്നിവ ജൻറം പദ്ധതിയിൻകീഴിൽ നടപ്പാക്കുന്നതിന് സ്റ്റേറ്റ് വിഹിതമായി 13.85 കോടി രൂപ കൂടി വകയിരുത്തുന്നു. കോട്ടയം വെസ്റ്റേൺഘട്ട് ക്ലൈമെറ്റ് ചെയ്ഞ്ച് റിസ്സർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് 5 കോടി രൂപ നീക്കിവയ്ക്കുന്നു. ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിനെ സബ് ഡിപ്പോയായി ഉയർത്തുന്നതാണ്. ഉണ്ണായിവാര്യർ സ്മാരകത്തിനുവേണ്ടി 25 ലക്ഷം രൂപയും സുകുമാർ അഴീക്കോടിന്റെ ഭവനത്തെ സ്മാരകമാക്കാൻ 10 ലക്ഷം രൂപ കൂടിയും ഗുരുഗോപിനാഥ് നടനഗ്രാമത്തിൽ ദേശീയനൃത്ത മ്യൂസിയം സ്ഥാപിക്കാൻ സംസ്ഥാനവിഹിതമായി 3 കോടി രൂപയും വകയിരുത്തുന്നു. കട്ടപ്പനയിൽ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ഇടുക്കിയിൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ അധീനതയിൽ ഒരു ഹോട്ടൽ സമുച്ചയം, കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ കോളേജുകൾ എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എടക്കാട് ശ്രീനാരായണ പഠനകേന്ദ്രത്തിന് 15 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു. വെള്ളനാട് - ആര്യനാട് - ഇരിത്തലമൂല - ചായം - വിതുര - ആര്യനാട് - കോട്ടയ്ക്കകം ലിങ്കും കളിയൻനട-വലിയ കലുങ്ക്

ലിങ്കും വെള്ളനാട് അരുവിക്കര ലിങ്കും ഒരൊറ്റ റിംഗ് റോഡായി വികസിപ്പി ക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ വകയിരുത്തുന്നു. അരീക്കോട്, പള്ളുരുത്തി എന്നിവിടങ്ങളിൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ താലൂക്കാശുപത്രിയാക്കി ഉയർത്തുന്നതാണ്. മോയിൻകുട്ടി മാപ്പിള കലാ അക്കാഡമിക്ക് വകയിരുത്തിയിരുത്തിയ തുക 60 ലക്ഷമായി ഉയർത്തുന്നു. കാസർഗോഡ് പാക്കേജിൽ കണ്ണൂരിൽ ഹാന്റ്ലൂം വില്ലേജ് സ്ഥാപിക്കുന്നതാണ്. മുലൂർ പത്മനാഭ പണിക്കർ സ്മാര കത്തിന് രണ്ട് ലക്ഷം രൂപയും ഇന്റർനാഷണൽ ഫോക്‌ലോർ കേരളത്തിൽ നടത്താൻ 15 ലക്ഷം രൂപയും വകയിരുത്തുന്നു. വ്യാപാരി-വ്യവസായി ക്ഷേമനിധി പെൻഷൻ 750 രൂപയായും സെക്ഷൻ 6 (1) ടേൺ ഓവർ പരിധി 10 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതാണ്. കണ്ണൂർ ഹാന്റ്ലൂം വില്ലേജിനു വേണ്ടി 50 ലക്ഷം രൂപ വകയിരുത്തുന്നു. കൊടുങ്ങല്ലൂർ റവന്യൂ മൈതാനത്തെ കുഞ്ഞിക്കുട്ടൻ തമ്പുരാൻ സ്ക്വയർ ആയി പ്രഖ്യാപിക്കുന്ന തോടൊപ്പം അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ അനു വദിക്കുന്നു. എറണാകുളത്ത് JICA-യുടെ സഹായത്തോടെ തുടങ്ങുന്ന ശുദ്ധജലപദ്ധതി ചേരാനല്ലൂർ ഗ്രാമത്തിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ആലപ്പുഴ കുമാരപുരത്ത് പഞ്ചായത്ത് സഹായത്തോടെ ഒരു പോളിടെക്നിക് സ്ഥാപിക്കുന്നതാണ്. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന്റെ സഹായത്തോടെ മൂവാറ്റുപുഴയിൽ സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാഡമി യുടെ ഒരു റീജിയണൽ സെന്റർ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് 4

കിൻഫ്ര പാർക്കുകളും. പാലക്കാട് ഒരു ടെക്സ്റ്റൈൽ പാർക്കും സ്ഥാപിക്കുന്നതാണ്.

(ഭരണകക്ഷി അംഗങ്ങളുടെ നിയോജകമണ്ഡലങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളാണ് അവതരിപ്പിക്കുന്നത് എന്നാരോപിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കുകയും പ്രതിപക്ഷ നേതാവിന്റെ പ്രസ്താവനയ്ക്കുശേഷം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോകുകയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കർഷകരുടെയും കർഷകരുടെ അദ്ധ്വാനത്തേയും അംഗീകരിച്ചുകൊണ്ട് ഹൈടെക് കൃഷി സമ്പ്രദായത്തിലേയ്ക്ക് പോകുന്ന ഒരു ബഡ്ജറ്റാണിത്. പുതിയ സംരംഭകർക്ക് 75 കോടി രൂപ നീക്കിവച്ചുകൊണ്ടുള്ള ഈ ബഡ്ജറ്റിനെ മാധ്യമങ്ങൾപോലും പ്രശംസിച്ചിട്ടുള്ളതാണ്. കക്ഷിഭേദമെന്യേ കോളേജുകളില്ലാത്ത നിയോജകമണ്ഡലളിൽ കോളേജുകൾ അനുവദിച്ചിരിക്കുന്നത് പ്രതിപക്ഷാംഗങ്ങൾ വിസ്മരിക്കരുത്. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗം മുഴുവനും കേൾക്കാൻ തയ്യാറാകാത്ത പ്രതിപക്ഷം സ്വീകരിച്ച നിലപാട് നിർഭാഗ്യകരമാണ്.

## റൂളിംഗ്

മി. സ്പീക്കർ: മുമ്പ് നടന്നിട്ടുള്ള ബഡ്ജറ്റ് പ്രസംഗത്തിന്റെ ഒരു സന്ദർഭത്തിലും ധനകാര്യ വകുപ്പുമന്ത്രിയെ ഗൺപോയിന്റിൽ നിർത്തിക്കൊണ്ട് അംഗങ്ങളാരും ഒരു കാര്യവും നേടിയിട്ടില്ല, സംസാരിച്ചിട്ടുമില്ല. അത് ശരിയല്ല. ഏതെങ്കിലും എം.എൽ.എ. അസ്വസ്ഥത കാണിച്ച് മുമ്പിലോട്ട് വരുമ്പോൾ കാര്യം എന്തെന്ന് അന്വേഷിക്കാതെ നേതാക്കൾ ഉൾപ്പെടെ

ബഹളംവയ്ക്കുന്നതും നിയമസഭയ്ക്കകത്ത് ഇങ്ങനെ ഒരു സാഹചര്യം ഉണ്ടാക്കുന്നതും ഒരിക്കലും ജനാധിപത്യത്തിന് ആശാസ്യമല്ല.

ശ്രീ. കെ. എം. മാണി: ചെറുകിട വ്യവസായികളുടെ സാമൂഹ്യ സുരക്ഷയ്ക്ക് കൂടുതൽ പണം അനുവദിക്കുന്നതാണ്. എയ്ഡഡ് കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫ് പാറ്റേൺ വിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കും. 50 പഞ്ചായത്തുകളിൽ ജനകീയ ടൂറിസം നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 3 കോടി രൂപ വകയിരുത്തുന്നു. കേരള പോലീസിന് ഇൻഷ്വറൻസ് സ്കീമിനാവശ്യമായ തുക നൽകുന്നതാണ്. മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, ഇരിട്ടി, താമരശ്ശേരി, കൊണ്ടോട്ടി, പട്ടാമ്പി, ചാലക്കുടി, ഇടുക്കി, കോന്നി, കാട്ടാക്കട, വർക്കല, പത്തനാപുരം എന്നിവിടങ്ങളിൽ പുതിയ താലൂക്കുകൾ അനുവദിക്കുന്നതിനായി 33 കോടി രൂപ നീക്കിവയ്ക്കുന്നു. കൺസ്യൂമർ ഫെഡിന് 5 കോടി രൂപ താലൂക്ക് ആശുപത്രിക്ക് മുകളിലുള്ള ആശുപത്രികളിൽ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് 25 കോടി രൂപയും കൂടുതലായി വകയിരുത്തുന്നു. കേരള പത്ര പ്രവർത്തക ആരോഗ്യ പരിരക്ഷ പദ്ധതിക്ക് 60 ലക്ഷം രൂപയും കടൽ സുരക്ഷാ പദ്ധതിക്ക് നാലര കോടി രൂപയും സീറോ ലാന്റ്ലസ് പ്രോജക്ടിന് 5 കോടി രൂപയും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് 75 ലക്ഷം രൂപയും ജി. ശങ്കരക്കുറുപ്പ് സ്മാരകത്തിനും ചങ്ങമ്പുഴ സ്മാരകത്തിനും 30 ലക്ഷം രൂപ വീതവും രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിക്കും പറവൂരിൽ നാട്ടാന ചികിത്സാ കേന്ദ്രത്തിനും 25 ലക്ഷം രൂപ വീതവും വകയിരുത്തുന്നു. തൃത്താല, നാദാപുരം

നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടെ കോളേജില്ലാത്ത മണ്ഡലങ്ങളിലെല്ലാം ഭൂമി ലഭ്യമാക്കിയാൽ കോളേജ് അനുവദിക്കുന്നതാണ്. കെ.എസ്.ആർ.ടി. സി.ക്ക് 100 കോടി രൂപകൂടി അധികം അനുവദിക്കുന്നു. നെടുമങ്ങാട് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിനാവശ്യമായ പണം അനുവദിക്കുന്നതാണ്. എല്ലാ വിദ്യാർത്ഥികൾക്കും യൂണിഫോം നൽകുന്നത് സംബന്ധിച്ച് കാബിനറ്റിൽ ആലോചിച്ച് നടപടി സ്വീകരിക്കാം. മുണ്ടക്കയം ട്രാൻസ്പോർട്ട് ബസ്സ്റ്റേഷന് ആവശ്യമായ തുക അനുവദിക്കുന്നതാണ്. കോഴിക്കോട് മൊയ്തു മൗലവി സ്മാരകത്തിന് 10 ലക്ഷം രൂപ വകയിരുത്തുന്നു. വികലാംഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ വരുമാന പരിധി ഉയർത്തുന്നതിന് പരിഗണന നൽകുന്നതാണ്. ആറ്റുകാൽ ടൗൺഷിപ്പ് രൂപീകരണത്തിന് 10 കോടി രൂപ വകയിരുത്തുന്നു. പുതുക്കിയ വർഷാന്ത്യ രൊക്ക ബാക്കി 825.04 കോടി രൂപയാണ്.

**പ്രമേയം**

**236-ാം ചട്ടത്തിന്റെ രണ്ടാം ഉപചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച പ്രമേയം**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ‘‘2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെമേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മ പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം ധനാഭ്യർത്ഥനകൾ

പാസ്സാക്കുന്നതിനായി ചേരുന്ന സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## റൂളിംഗ്

### പെരുമാറ്റ ചട്ടലംഘനം

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിനിടയിൽ ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ. ചെയറിന്റെ മുമ്പിൽവന്ന് ആക്രോശിക്കുകയും ബഹളം വയ്ക്കുകയും നിലവിട്ട് സഭായോഗ്യമല്ലാത്ത വാക്കുകൾ ഉച്ചത്തിൽ സംസാരിക്കുകയും ചെയ്ത നടപടി നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ പൂർണ്ണമായ, പരസ്യമായ ലംഘനമാണ്. ആയതിനാൽ പ്രസ്തുത ചട്ടത്തിന്റെ 53-ാം ചട്ടപ്രകാരം ചെയർ ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ.യെ സെൻഷ്വർ ചെയ്യുന്നു.

സഭ ഉച്ചയ്ക്കുശേഷം 2.46-ന് പിരിഞ്ഞു.

---